## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5965 — 19. 11. 2019 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. യുടെ അധിക ചാർജ് ഈടാക്കൽ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ.എസ്.ഇ.ബി. ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത 130 കോടിയിലധികം രൂപ ബോർഡ് സമയബന്ധിതമായി അടയ്ക്കാതിരുന്നതിനാൽ 2018-19 വർഷത്തെ നികുതിയിളവ് ആവശ്യപ്പെട്ട ജീവനക്കാർക്ക് ലഭിക്കുവാൻ ഇടയില്ലെന്ന കാര്യം പരിശോധിക്കുമോ; | (എ)നിലവിൽ വൈദ്യുതി ബോർഡ് ജീവനക്കാർക്ക് 2018-19 സാമ്പത്തികവർഷത്തെ ആദായനികുതി ഇളവ് ലഭിക്കുന്നതാണ്. ഇതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി)ആദായ നികുതി വകുപ്പിന്റെ നോട്ടീസ് ലഭിച്ച കെ.എസ്.ഇ.ബി. യുടെ റെന്റിങ് യൂണിറ്റുകൾ ഏതെല്ലാം; വ്യക്തമാക്കുമോ ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി)ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; സർക്കാരിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി)സർക്കാർ തലത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല |
| (ഡി)ആദായനികുതി വകുപ്പിന്റെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ റെന്റ്, സെസ്സ്, അധികചാർജ്, അധിക ക്യാഷൻ ഡിപ്പോസിറ്റ് തുകകൾ മിക്കവാറും എല്ലാ മാസത്തെ ബില്ലുകളിലും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (ഡി) ആദായനികുതി വകുപ്പിന്റെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളിൽ നിന്നും തുകയൊന്നും ഈടാക്കുന്നില്ല. സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും, ഇലക്ട്രിസിറ്റി സപ്ലൈകോഡ് പ്രകാരമുള്ളതുമായ മീറ്റർറെന്റ്, ഫ്യൂവൽസർചാർജ്ജും, ക്യാഷൻ ഡിപ്പോസിറ്റ് മുതലായവ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു. |
| (ഇ)ഇത്തരത്തിൽ 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ തുക എത്ര ; ഫിക്സഡ് | (ഇ) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2018-19 സാമ്പത്തികവർഷത്തിൽ വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഫിക്സഡ് ചാർജ്ജ് ഇനത്തിൽ 1078.47 കോടിയും, മീറ്റർറെന്റ് |

| | |
|---|---|
| ചാർജ്, റെന്റ്, അധിക ചാർജ്, ക്യാഷൻ ഡിപ്പോസിറ്റ് എന്നിവ തരം തിരിച്ച് ലഭ്യമാക്കുമോ; ഈ തുക തിരികെ ഉപഭോക്താവിന് നൽകുവാൻ നടപടി സ്വീകരിക്കുമോ; | ഇനത്തിൽ 94.38 കോടിയും, അധികചാർജ്ജ് ഇനത്തിൽ 96.57 കോടി രൂപയും, ക്യാഷൻ ഡിപ്പോസിറ്റ് ഇനത്തിൽ 182.17 കോടി രൂപയും ഈടാക്കിയിട്ടുണ്ട്. |
| (എഫ്) വൈദ്യുതി ബോർഡ് ജനങ്ങളെ തെറ്റിധരിപ്പിച്ച് ഈടാക്കുന്ന അധിക തുക സർക്കാർ അനുമതിയോടെയാണോ; സർക്കാർ അനുമതി ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;<br>(ജി) വൻകിട വ്യവസായ സ്ഥാപനങ്ങൾ വർഷങ്ങളായി വൈദ്യുതി ബിൽ അടയ്ക്കാതിരിക്കുന്ന അവസരത്തിൽ ഗാർഹിക ഉപഭോക്താക്കൾ കൃത്യമായി ബില്ല് അടയ്ക്കുമ്പോൾ അവരെ വഞ്ചിച്ച് അധിക തുക ഈടാക്കുന്ന കാര്യം പരിശോധിക്കുമോ? | (എഫ് & ജി) വൈദ്യുതി ബോർഡ് ജനങ്ങളെ തെറ്റിധരിപ്പിച്ച് അധിക തുക ഈടാക്കുന്നില്ല. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് യാതൊരു തുകയും ഒരു വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നില്ല |

സെക്ഷൻ ഓഫീസർ